"ഭരണഭാഷ മാതൃഭാഷ"

സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്, എസ്റ്റേറ്റ് വിഭാഗം

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്, എം.ജി.റോഡ്, പുത്തൻചന്ത, തിരുവനന്തപുരം-695001

ഫോൺ:0471-2337790 ഇമെയിൽ:tdbestate@gmail.com വെബ്സൈറ്റ്:www.travancoredevaswomboard.org

***Auction No.13/EED/S/2023***

## ലേലപരസ്യം

നാഷണൽ ഹൈവേ 66-ന്റെ വികസനവുമായി ബന്ധപ്പെട്ടുവരുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഹരിപ്പാട് ഗ്രൂപ്പിലെ രാമപുരം, തിരുവിലഞ്ഞാൽ എന്നീ ദേവസ്വങ്ങളിലെ പൊളിയ്ക്കപ്പെടേണ്ടതായിട്ടുള്ള നിർമ്മിതികൾ പൊളിച്ചുമാറ്റുന്നതുമായി ബന്ധപ്പെട്ടുള്ള ലേലം 16/01/2024 ലെ ബോർഡ് ആർ.ഒ.സി.നമ്പർ 12585/23/എം ബോർഡ് ഉത്തരവ് പ്രകാരമുള്ള സർവ്വേ റിപ്പോർട്ട് തുകയായ 85,733/- രൂപക്ക് **31/01/2024** പകൽ **11.30** മണിക്ക് ഹരിപ്പാട് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിൽവച്ച് നടത്തുന്നതാകുന്നു. പ്രസ്തുത ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അന്നേ ദിവസം ലേല സമയത്തിനു മുൻപായി 8,500/- രൂപ ക്രമം നിരതദ്രവ്യം ഹാജരാക്കേണ്ടതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് വിളികേൾക്കുന്ന/ക്വട്ടേഷൻ നൽകുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും ആ വ്യക്തി/സ്ഥാപനം അപ്പോൾതന്നെ ലേലം വിളിച്ച തുക ഒന്നായി കെട്ടിവയ്ക്കേണ്ടതുമാണ്. ഡിപ്പാർട്ട്മെന്റ് വ്യവസ്ഥകൾക്ക് വിധേയമായി 7 ദിവസത്തിനകം പൊളിച്ചുമാറ്റുന്ന സാധനങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്. ആതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം കെട്ടിവച്ച തുക ഡിപ്പാർട്ടുമെന്റിൽ മുതൽകൂട്ടി തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും. ലേലം/ക്വട്ടേഷൻ നൽകുന്നതോടൊപ്പം ലേലതുകയുടെ 18% ജി.എസ്.റ്റിയും നൽകി ദേവസ്വം ബോർഡിൽനിന്നുതന്നെ രസീത് വാങ്ങേണ്ടതാണ്. മറ്റ് സർക്കാർ നികുതികൾ ഏതെങ്കിലും ഒടുക്കുവരുത്തേണ്ടുന്നപക്ഷം ആയത് ലേലക്കാരൻ സ്വന്തം നിലയിൽ സർക്കാരിൽ ഒടുക്കുവരുത്തേണ്ടതാണ്.ലേലം സ്ഥിരപ്പെടുത്തുന്നതിനും, യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും, മാറ്റിവയ്ക്കുന്നതിനും ഉള്ള പരിപൂർണ്ണ സ്വാതന്ത്ര്യം ഡിപ്പാർട്ട്മെന്റിൽ നിക്ഷിപ്തമായിരിക്കും. ലേല ദിവസം ഏതെങ്കിലും കാരണവശാൽ അവധി ആയാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ഇതേ സമയത്ത് ലേല നടപടികൾ നടത്തുന്നതായിരിക്കും.തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുള്ള മറ്റെല്ലാ ലേല വ്യവസ്ഥകളും ഈ ലേലത്തിലും ബാധകമായിരിക്കും. ലേലതീയതി, സമയം, ലേലവ്യവസ്ഥകൾ എന്നിവ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവർത്തിദിവസങ്ങളിൽ ഈ ആഫീസിൽനിന്നോ ഹരിപ്പാട് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിൽനിന്നോ അറിയാവുന്നതാണ്. (Mobile No.9446355112)

Sd/-

എക്സിക്യൂട്ടീവ് എഞ്ചിനീയർ

തിരുവനന്തപുരം

23/01/2024